# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1395** **30-01-2018 ൽ മറുപടിക്ക്**

### പട്ടയം നൽകുന്നതിനുള്ള നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. ആൻസലൻ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | നെയ്യാറ്റിൻകര നഗരസഭയിലെ പവിത്രാനന്ദപുരം കോളനി, കുളത്തൂർ പഞ്ചായത്തിലെ പൊഴിയൂർ തീരദേശ മേഖല എന്നീ സ്ഥലങ്ങളിലെ താമസക്കാർക്ക് പട്ടയം നൽകുന്നതിനു വേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ; | (എ) | നെയ്യാറ്റിൻകര നഗരസഭയിലെ പവിത്രാനന്ദപുരം കോളനിയിൽ 35 കുടുംബങ്ങൾ താമസിച്ചു വരുന്നതും പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്. ടി 35 അപേക്ഷകരിൽ 4 സെന്റിൽ കൂടുതൽ ഭൂമി കൈവശം വച്ചു വരുന്ന 4 കേസുകളിൽ കക്ഷികൾ കൈവശം വച്ചു വരുന്ന മുഴുവൻ ഭൂമിയ്ക്കും പട്ടയം നൽകാമോ എന്ന് പരിശോധിച്ചു വരുന്നു. ബാക്കിയുള്ള കേസുകളിൽ പട്ടയം നൽകുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | നെയ്യാറ്റിൻകര പവിത്രാനന്ദപുരം കോളനിയിൽ എത്ര പേർക്ക് പട്ടയം നൽകാൻ ഉണ്ട് എന്നും എത്ര പേർക്ക് പട്ടയം നൽകാൻ നടപടി സ്വീകരിച്ചു എന്നും അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | നെയ്യാറ്റിൻകര പവിത്രാനന്ദപുരം കോളനിയിൽ ആകെ 35 കുടുംബങ്ങൾക്ക് പട്ടയം നൽകാനുണ്ട്. നെയ്യാറ്റിൻകര നഗരസഭയുടെ 24.02.2015 ലെ സാധാരണ കൗൺസിൽ തീരുമാനം നമ്പർ 30 (12) പ്രകാരം നിലവിലെ താമസക്കാരുടെ പേരു വിവരം ലഭ്യമാക്കുകയും ടി കക്ഷികൾക്ക് അനുവാദ പത്രിക നൽകുന്നതിന് തീരുമാനിച്ചതായും അറിയിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം 9 കക്ഷികൾക്ക് അനുവാദ പത്രിക ലഭ്യമാക്കിയിട്ടുണ്ട്. ടി 35 കേസുകളിൽ 31 കേസുകൾ 7(1) നോട്ടീസ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആയത് ആക്ഷേപ രഹിതമായി മടങ്ങിയിട്ടില്ലാ എന്നും നെയ്യാറ്റിൻകര തഹസിൽദാർ അറിയിച്ചിട്ടുണ്ട്. ബാക്കി കേസുകളിൽ അനുവാദ പത്രിക ലഭ്യമാകുന്ന മുറയ്ക്ക് നിയമാനുസൃതമുള്ള പതിവു നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | കുളത്തൂർ പഞ്ചായത്തിലെ പൊഴിയൂർ തീരദേശത്ത് എത്ര പേർക്ക് പട്ടയം നൽകാൻ ഉണ്ട് എന്ന് വിശദമാക്കുമോ; എത്ര പേർക്ക് പട്ടയം നൽകാൻ നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ? | (സി) | കുളത്തൂർ പഞ്ചായത്തിലെ പൊഴിയൂർ തീരദേശത്തു നിന്നും 186 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ടി ഭൂമി സർവ്വേ ചെയ്യുന്നതിനായി സർവ്വേയർമാരെ നിയോഗിച്ചിട്ടുള്ളതും സർവ്വേ നടപടികൾ പുരോഗമിച്ചു വരുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**